## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 05.12.2024**

### പ്രധാനവാർത്തകൾ

1). പാർലമെൻറിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. 12 മണി വരെ നിർത്തിവച്ച രാജ്യസഭയിൽ നടപടികൾ പുനരാരംഭിച്ചു

2). ഐ.എസ്.ആർ.ഒ മാറ്റിവച്ച പ്രോബ-3 ദൗത്യത്തിൻറെ വിക്ഷേപണം ഇന്ന് വൈകിട്ട് നടക്കും.

3). കൊച്ചിയിൽ സ്മാർട്ട് സിറ്റി എന്ന ആശയത്തിൽ നിന്നും സർക്കാർ പിൻവാങ്ങിയിട്ടില്ലെന്ന് മന്ത്രി പി രാജീവ് ; ടീകോമിന് നഷ്ടപരിഹാരം നൽകാനുള്ള നീക്കത്തിനെതിരെ പ്രതിപക്ഷം.

4). കോഴിക്കോട് ഇന്ധന ചോർച്ചയുണ്ടായ എലത്തൂരിലെ ഹിന്ദുസ്ഥാൻ പെട്രോളിയം പ്ലാൻറ് ഗോഡൗൺ മന്ത്രി എ. കെ ശശീന്ദ്രൻ ഇന്ന് സന്ദർശിക്കും.

5). ഇന്ന് ലോക മണ്ണ് ദിനം. സംസ്ഥാനമെമ്പാടും വിപുലമായ പരിപാടികൾ.

6). ബ്രിസ് ബെയ്നിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ബാറ്റിങ് തകർച്ച. 100 റൺസെടുക്കുന്നതിനിടെ ഓൾഔട്ടായി.

RNU TVPM

*******************************************

## പാർലമെൻറ്

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ പ്രതിപക്ഷ പ്രതിഷേധം തുടരുന്നു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് 12 മണിവരെ നിർത്തിവച്ച രാജ്യസഭയിൽ നടപടികൾ പുനഃരാരംഭിച്ചു. ലോക്സഭയിൽ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. വിവിധ ബില്ലുകളിന്മേലുള്ള ചർച്ചകളാണ് ഇന്ന് പാർലമെൻറിൽ നടക്കുക. ഒരു പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരെ ഉയർന്ന കൈക്കൂലി ആരോപണവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ എം.പിമാർ പാർലമെൻറ് ഹൗസിൽ പ്രതിഷേധ മാർച്ച് നടത്തി. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും കോൺഗ്രസിൻറെ മറ്റ് എംപിമാരും ഡി.എം.കെ, ആർ.ജെ.ഡി നേതാക്കളും പങ്കെടുത്തു. പ്രതിപക്ഷം നടത്തിയ പ്രതിഷേധം നാടകമാണെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിങ് മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

**************************************

## പ്രോബ-3 വിക്ഷേപണം

ഐഎസ്ആർഒ മാറ്റിവച്ച പ്രോബ ത്രീ ദൗത്യത്തിൻറെ വിക്ഷേപണം ഇന്ന് നടക്കും. വൈകുന്നേരം 4.12-ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം. പി എസ് എൽ വി C- 59 റോക്കറ്റാണ് യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ പ്രോബ ദൗത്യത്തെ ഭ്രമണ പഥത്തിൽ എത്തിക്കുക. ഇന്നലെ വൈകുന്നേരം 4.08 ന് നടക്കേണ്ടിയിരുന്ന വിക്ഷേപണമാണ് മാറ്റിവച്ചത്.

**************************************

## പി രാജീവ് സ്മാർട്ട് സിറ്റി - (ഇൻട്രോ)

കൊച്ചിയിൽ സ്മാർട്ട് സിറ്റി എന്ന ആശയത്തിൽ നിന്നും സർക്കാർ പിൻവാങ്ങുന്നില്ലെന്ന് മന്ത്രി പി രാജീവ്.സംയുക്ത സംരംഭത്തിൽ

നിന്നും പിന്മാറാൻ ദുബായ് ടീകോം കമ്പനി നേരത്തെ കത്ത് നൽകിയിരുന്നുവെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

**(വോയ്സ്-മന്ത്രി..............)**

****************************************

**<u>രമേശ് ചെന്നിത്തല</u>**

ടീകോമിന് എന്തിനാണ് നഷ്ടപരിഹാരം കൊടുക്കുന്നതെന്ന് മുഖ്യമന്ത്രി ജനങ്ങളോട് വിശദീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ആവശ്യപ്പെട്ടു. സിപിഎമ്മിന്റെയും ബിജെപിയുടെയും വികസന വിരുദ്ധ സമീപനംമൂലം കേരളത്തിൽ വൻഐടി കുതിച്ചുചാട്ടം കൊണ്ടുവരേണ്ട പദ്ധതി ഇല്ലാതായെന്ന് കെപിസിസി അധ്യക്ഷൻ കെ സുധാകരൻ എംപി ആരോപിച്ചു. ടീകോമിന് നഷ്ടപരിഹാരം നൽകാനുള്ള മന്ത്രിസഭാ യോഗ തീരുമാനം റദ്ദാക്കണമെന്നും കമ്പനിക്കെതിരെ നടപടി സ്വീകരിക്കണമെന്നും കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

****************************************

**<u>സിൽവർ ലൈൻ - യോഗം</u>**

സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ദക്ഷിണ റെയിൽവേ, കെ റെയിൽ അധികൃതരുമായി ചർച്ച നടത്തി. എറണാകുളത്തെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലാണ് യോഗം ചേർന്നത്. തുടർചർച്ച ഉണ്ടാകുമെന്നും ഇന്നത്തേത് പ്രാഥമിക ചർച്ച മാത്രമാണെന്നും റെയിൽവെ അറിയിച്ചു.

****************************************

**<u>പാലക്കാട്, ആലത്തൂർ - (ഇൻട്രോ)</u>**

രാജ്യത്തെ ഇക്കൊല്ലത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടതിൻറെ ആഹ്ളാദത്തിലാണ് ഇവിടുത്തെ പോലീസ് ഉദ്യോഗസ്ഥർ.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

**(വോയിസ്........)**

*********************************************

**<u>മുനമ്പം വിഷയം</u>**

മുനമ്പം വിഷയത്തിൽ പരാതികൾ, അപേക്ഷകൾ, നിർദേശങ്ങൾ എന്നിവ സമർപ്പിക്കാം. വിഷയത്തിൽ പരിഹാരം കണ്ടെത്തുന്നതിനായി നിയോഗിച്ച ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായർ കമ്മീഷൻ മുമ്പാകെ നേരിട്ടും തപാൽ മുഖേനയും പരാതികൾ സമർപ്പിക്കാം. 1 ബി, ഭവാനി, കുന്നുംപുറം, കാക്കനാട്, പിൻ-682030 എന്ന വിലാസത്തിലാണ് പരാതികൾ നൽകേണ്ടത്.

*********************************************

**<u>വായനോത്സവം-ലൈബ്രറി</u>**

സംസ്ഥാന ലൈബ്രറി കൗൺസിലിൻറെ വായനോത്സവത്തിന് സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ തുടക്കമായി. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കുമാണ് വായനോത്സവം സംഘടിപ്പിക്കുന്നത്.

*********************************************

**<u>കോഴിക്കോട് - ഇന്ധനചോർച്ച</u>**

കോഴിക്കോട് ഇന്ധനചോർച്ചയുണ്ടായ എലത്തൂർ ഹിന്ദുസ്ഥാൻ പെട്രോളിയം പ്ലാൻ്റ് ഗോഡൗൺ മന്ത്രി എ കെ ശശീന്ദ്രൻ ഇന്ന് സന്ദർശിക്കും. സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ല കലക്ടർ സ്നേഹിൽ കുമാർ സിംഗ് പറഞ്ഞു. ഡെപ്യൂട്ടി കളക്ടർ അനിതകുമാരി സ്ഥലത്തെത്തി ജനപ്രതിനിധികളുമായും H.P അധികൃതരുമായും ചർച്ച നടത്തി.

RNUTVPM

****************************************

**ഇടുക്കി, ഏലം - (ഇൻട്രോ)**

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഏലം കൃഷി, ഇൻഷൂർ ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ പരിധി ഒരു ഏക്കർ ആക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ചെറുകിടക്കാരായ ഒട്ടനവധി ഏലം കർഷകർക്ക് ഈ ഉത്തരവിൻറെ പ്രയോജനം ലഭിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**
**(വോയിസ്........)**

****************************************

RNUTVPM

**കാട്ടാന കുഴിയിൽ വീണു**

തൃശൂർ പാലപ്പിള്ളിയിൽ വീട്ടുവളപ്പിലെ സെപ്റ്റിക് ടാങ്കിൽവീണ കാട്ടാന ചരിഞ്ഞു. പാലപ്പിള്ളി എലിക്കോട് നഗറിൽ ആണ് കുട്ടിയാന മാലിന്യക്കുഴിയിൽ വീണത്. പാലപ്പിള്ളി റേഞ്ച് ഫോറസ്റ്റ് അധികൃതർ സ്ഥലത്തെത്തി മണിക്കൂറുകൾ പരിശ്രമിച്ചെങ്കിലും രക്ഷപ്പെടുത്താനായില്ല.

****************************************

**ലോക മണ്ണ് ദിനം - (ഇൻട്രോ)**

ഇന്ന് ലോക മണ്ണ് ദിനം. അശാസ്ത്രീയ വളപ്രയോഗം, കീടനാശിനികളുടെ ഉപയോഗം തുടങ്ങിയവയിൽ നിന്ന് മണ്ണിൻറെ ആരോഗ്യം നിലനിർത്തേണ്ടതുണ്ടെന്ന് തിരുവനന്തപുരം ദക്ഷിണ മേഖല മണ്ണ് സർവേ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രമേഷ് പി.

**(വോയിസ്...............)**

മണ്ണ് ദിനത്തോടനുബന്ധിച്ച് കോഴിക്കോട്, കാസർകോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ സോയിൽ ഹെൽത്ത് കാർഡുകളുടെ വിതരണം നടന്നു.

***************************************

**ശിശുക്ഷേമ സമിതി -ആയ**

ശിശുക്ഷേമ സമിതിയിലെ മുഴുവൻ ആയമാരുടേയും പ്രവർത്തനവും സേവന അഭിരുചിയും വിലയിരുത്തുമെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു.ആയ ഉപദ്രവമേൽപ്പിച്ച കുഞ്ഞിനേയും മറ്റ് കുട്ടികളേയും സന്ദർശിച്ച മന്ത്രി ശിശുക്ഷേമ സമിതിയുടെ പ്രവർത്തനം നേരിട്ട് വിലയിരുത്തി.

***************************************

**മുണ്ടക്കൈ-ചൂരൽമല**

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ കേന്ദ്ര സഹായം വൈകുന്നതായി ആരോപിച്ച് എൽ.ഡി.എഫ് സംസ്ഥാന വ്യാപക പ്രതിഷേധം നടത്തുന്നു. തിരുവനന്തപുരത്ത് രാജ് ഭവന് മുന്നിലും മറ്റ് ജില്ലകളിൽ കേന്ദ്ര സർക്കാർ ഓഫീസുകളിലും മാർച്ച് നടത്തി. രാജ് ഭവൻ മാർച്ച് സി.പി.ഐ എം സംസ്ഥാന സെക്രട്ടറി എം. വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു.

RIU TVPM

***************************************

**വനിതാ ക്രിക്കറ്റ്**

ബ്രിസ്ബേനിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ബാറ്റിങ് തകർച്ച. ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത ഇന്ത്യ 100 റൺസ് എടുക്കുന്നതിടെ ഓൾഔട്ടായി. ഹർമൻ പ്രീത് കൗർ നയിക്കുന്ന ഇന്ത്യൻ ടീമിൽ മലയാളി താരം മിന്നുമണിയുമുണ്ട്.

****************************************

**ഐ.എസ്.എൽ**

ഐ.എസ്.എൽ  ഫുട്ബോളിൽ ഒഡിഷ എഫ്.സി, മുംബൈ സിറ്റിയുമായി ഏറ്റുമുട്ടും. വൈകുന്നേരം 7.30-ന് ഭുവനേശ്വരിലെ  കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

****************************************

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക  സെൻസെക്സ് 646 പോയിൻറ് നേട്ടത്തിൽ 81,602 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 167 പോയിൻറ് നേട്ടത്തിൽ 64,635 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വില ഉയർന്നു. പവന് 80  രൂപ വർദ്ധിച്ച് 57,120  രൂപയും ഗ്രാമിന് 7140 രൂപയുമാണ് ഇന്നത്തെ വില.

****************************************

**അന്തരിച്ചു**

ബിജെപി തൃശ്ശൂർ മുൻ ജില്ലാ പ്രസിഡൻറ്  ഇ. രഘുനന്ദനൻ അന്തരിച്ചു. മൃതദേഹം നാളെ ഉച്ചവരെ അക്കിക്കാവിലെ വീട്ടിൽ പൊതുദർശനത്തിന് ശേഷം മെഡിക്കൽ കോളേജിന് കൈമാറും.

****************************************

**കണ്ണൂർ കവർച്ച**

കണ്ണൂർ വളപട്ടണത്ത്  കവർച്ച നടത്തിയ കേസിൽ റിമാൻഡിലായ  സി.പി. ലിജേഷിനെ കസ്റ്റഡിയിൽ ലഭിക്കുന്നതിന്, പോലീസ്,  കോടതിയിൽ അപേക്ഷ നൽകി. തിങ്കളാഴ്ചയാണ് ലിജേഷിനെ റിമാൻഡ് ചെയ്ത് . കണ്ടെത്തിയ പണവും സ്വർണാഭരണങ്ങളും കണ്ണൂർ ട്രഷറിയിലെ ലോക്കറിലേക്ക് മാറ്റി.

RNU TVPM

****************************************

## സ്വർണ്ണ കവർച്ച

ജ്വല്ലറിയുടമകളെ ആക്രമിച്ച് സ്വർണം കവർന്ന കേസിൽ ഒരു പ്രതി കോടതിയിൽ കീഴടങ്ങി. തൃശൂർ പരപ്പൂർ സ്വദേശി മനോജ് ആണ് പെരിന്തൽമണ്ണ കോടതിയിൽ ഹാജരായത്.

****************************************

## പ്രധാന വാർത്തകൾ വീണ്ടും.....

1). പാർലമെൻറിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം.
12 മണി വരെ നിർത്തിവച്ച രാജ്യസഭയിൽ നടപടികൾ പുനരാരംഭിച്ചു. ലോക് സഭ രണ്ടുമണിവരെ നിർത്തിവച്ചു.

2). ഐ.എസ്.ആർ.ഒ മാറ്റിവച്ച പ്രോബ-3 ദൗത്യത്തിൻറെ വിക്ഷേപണം ഇന്ന് വൈകിട്ട് നടക്കും.

3). കൊച്ചിയിൽ സ്മാർട്ട് സിറ്റി എന്ന ആശയത്തിൽ നിന്നും സർക്കാർ പിൻവാങ്ങിയിട്ടില്ലെന്ന് മന്ത്രി പി രാജീവ് ; ടീകോമിന് നഷ്ടപരിഹാരം നൽകാനുള്ള നീക്കത്തിനെതിരെ പ്രതിപക്ഷം.

4). കോഴിക്കോട് ഇന്ധന ചോർച്ചയുണ്ടായ എലത്തൂരിലെ ഹിന്ദുസ്ഥാൻ പെട്രോളിയം പ്ലാൻറ് ഗോഡൗൺ മന്ത്രി എ. കെ ശശീന്ദ്രൻ ഇന്ന് സന്ദർശിക്കും.

5). ഇന്ന് ലോക മണ്ണ് ദിനം. സംസ്ഥാനമെമ്പാടും വിപുലമായ പരിപാടികൾ.

6). ബ്രിസ് ബെയ്നിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ബാറ്റിങ് തകർച്ച. 100 റൺസെടുക്കുന്നതിനിടെ ഓൾഔട്ടായി.

RJU TVPM

പ്രാദേശികവാർത്തകൾ കഴിഞ്ഞു.

അടുത്ത വാർത്താപ്രക്ഷേപണം 12.50-ന്..

****************************************

****************************************

******************

RNU TVPM